# എൻ.എസ്.എസ്. ബഡ്ജറ്റ് സമ്മേളനം 2018

നായർ സർവീസ് സൊസൈറ്റിയുടെ 104-ാമത് വാർഷിക ബഡ്ജറ്റ് സമ്മേളനം 25.6.2018-ന് പെരുന്നയിലെ എൻ.എസ്.എസ്. പ്രതിനിധിസഭാമന്ദിരത്തിൽ പ്രസിഡന്റ് പി.എൻ. നരേന്ദ്രനാഥൻനായരുടെ അദ്ധ്യക്ഷതയിൽ നടന്നു. പ്രസ്തുത സമ്മേളനത്തിൽ ജനറൽ സെക്രട്ടറി ജി. സുകുമാരൻനായർ 2018-19 വർഷത്തേക്കുള്ള 105 കോടി 93 ലക്ഷം രൂപ വരവും അത്രയും തന്നെ ചെലവും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് അവതരിപ്പിച്ചു.

പതിവുപോലെ മന്നംസമാധിയിൽ ജനറൽ സെക്രട്ടറി ഭദ്രദീപം കൊളുത്തിയും, നേതാക്കളടക്കമുള്ള പ്രതിനിധിസഭാംഗങ്ങൾ പുഷ്പാർച്ചന നടത്തിയുമാണ് യോഗനടപടികൾ ആരംഭിച്ചത്. പിന്നീട് പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞ നടന്നു. അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗത്തിനും അംഗങ്ങളുടെ ചോദ്യോത്തരവേളയ്ക്കും ശേഷം ജനറൽ സെക്രട്ടറി ബഡ്ജറ്റ് അവതരിപ്പിച്ചു. 105 കോടി 93 ലക്ഷം രൂപ വരവും, അത്രയുംതന്നെ രൂപ ചെലവുമാണ് 2018-19 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റിൽ പ്രതീക്ഷിച്ചിട്ടുള്ളത്. പതിനൊന്നു കോടി തൊണ്ണൂറ്റി ഏഴുലക്ഷം രൂപ ക്യാപ്പിറ്റൽ ഇനങ്ങളിലും, തൊണ്ണൂറ്റിമൂന്നു കോടി തൊണ്ണൂറ്റി ആറുലക്ഷത്തി എഴുപത്തി അയ്യായിരം രൂപ റവന്യൂ ഇനങ്ങളിലും വരവ് പ്രതീക്ഷിക്കുന്നു. ക്യാപ്പിറ്റൽ ഇനങ്ങളിൽ പ്രതീക്ഷിക്കുന്ന ചെലവ് ഇരുപത്തിഎട്ടു കോടി നാൽപ്പത്തിനാലു ലക്ഷത്തി ഇരുപത്തയ്യായിരം രൂപയും, റവന്യൂ ഇനങ്ങളിൽ പ്രതീക്ഷിക്കുന്ന ചെലവ് എഴുപത്തി ഏഴ് കോടി നാല്പത്തൊൻപത് ലക്ഷത്തി അൻപതിനായിരം രൂപയുമാണ്. വിദ്യാഭ്യാസം, ആരോഗ്യം, കാർഷികം, സാമൂഹ്യക്ഷേമം, ആദ്ധ്യാത്മികബോധനം എന്നീ മേഖലകൾക്ക് ബഡ്ജറ്റിൽ ഇത്തവണ കൂടുതൽ പരിഗണന നല്കിയിട്ടുണ്ട്. ജനറൽ സെക്രട്ടറി അവതരിപ്പിച്ച ബഡ്ജറ്റിൻമേൽ വിശദമായ ചർച്ചകൾക്കും, മറുപടിപ്രസംഗത്തിനും ശേഷം ബഡ്ജറ്റ് ഐകകണ്ഠ്യേന പാസ്സാക്കി.

തുടർന്ന്, റിട്ട. മേജർ ജനറൽ എസ്.ആർ. സിൻഹു ചെയർമാനായുള്ള ദേശീയകമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് പരിഗണനയിലെടുത്ത് അതിലെ ശിപാർശകൾ നടപ്പാക്കുന്നതിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് വീണ്ടും ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയവും, സമുദായാചാര്യൻ ശ്രീ മന്നത്തു പത്മനാഭന്റെ ജന്മദിനമായ ജനുവരി 2, നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്സ് ആക്ടിന്റെ പരിധിയിൽപെടുന്ന പൊതുഅവധിയായി കൂടി പ്രഖ്യാപിക്കണം എന്ന് സംസ്ഥാനസർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയവും സജീവ ചർച്ചകൾക്കുശേഷം യോഗം അംഗീകരിക്കുകയുണ്ടായി. ഇതോടൊപ്പംതന്നെ, ഡയറക്ടർ ബോർഡിലേക്ക് ഒഴിവുവന്ന ഒൻപതു സ്ഥാനങ്ങളിലേക്ക് ഡോ. എം. ശശികുമാർ (കാർത്തികപ്പള്ളി), എൻ. കേശവപിള്ള (കുന്നത്തൂർ), ഹരികുമാർ കോയിക്കൽ (ചങ്ങനാശ്ശേരി), എം.എസ്. മോഹൻ (പൊൻകുന്നം), എം.എം. ഗോവിന്ദൻകുട്ടി (കണയന്നൂർ), കെ. പങ്കജാക്ഷപ്പണിക്കർ (ചേർത്തല), ഡോ. കെ.എസ്. പിള്ള (തൃശൂർ), ഡോ. ജി. ഗോപകുമാർ (കൊല്ലം), പി.യു. ഉണ്ണിക്കൃഷ്ണൻ നായർ (ഹോസ്ദുർഗ്ഗ്) എന്നിവരെ ഏകകണ്ഠമായി തിരഞ്ഞെടുത്തു. തുടർന്ന് പ്രസിഡന്റായി അഡ്വ. പി.എൻ. നരേന്ദ്രനാഥൻനായരെ യോഗം വീണ്ടും തിരഞ്ഞെടുക്കുകയുണ്ടായി.

യോഗത്തിൽ പ്രതിനിധികളുടെ പൂർണ്ണമായ സാന്നിദ്ധ്യവും സഹകരണവും ഏറെ ശ്രദ്ധേയമായിരുന്നു.

മുന്നാക്കവിഭാഗങ്ങൾക്ക് നീതി നിഷേധിക്കുന്നത് രാഷ്ട്രീയശൈലിയായി മാറുകയും സാമ്പത്തികസംവരണം നടപ്പാക്കണമെന്ന് സമുദായാചാര്യന്റെ കാലം മുതൽക്കേയുള്ള എൻ.എസ്.എസ്സിന്റെ ആവശ്യം കേന്ദ്ര-സംസ്ഥാനസർക്കാരുകൾ ബോധപൂർവം അവഗണിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, നിലവിലുള്ള ജാതിസംവരണവ്യവസ്ഥയിലെ നീതിനിഷേധത്തിനെതിരെ എൻ.എസ്.എസ്. സുപ്രീംകോടതിയിൽ ഹർജി ഫയൽ ചെയ്യാൻ നിശ്ചയിച്ചിരിക്കുകയാണെന്ന വിവരം ജനറൽ സെക്രട്ടറി യോഗത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തുകയുണ്ടായി.